വ്യവസായ പർക്ക് തുടങ്ങുന്നതിനനുയോജ്യമായ സ്ഥലം കണ്ടെത്തി ത്തരണമെന്നുള്ള മേൽ അഭ്യർത്ഥനപ്രകാരം വിവിധ സ്ഥലങ്ങളിൽ രണ്ടേക്കർ മുതൽ പതിനഞ്ചേക്കർ വരെ ഭൂമി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ, സൗജന്യ മായി ലഭിക്കുന്നതും, കളക്ടർ നിർണ്ണയിക്കുന്ന വിലയ്ക്ക് സ്വകാര്യ വ്യക്തിക ളിൽ നിന്നും വാങ്ങേണ്ട ഭൂമിയും, സർക്കാർ പുറമ്പോക്കും, സിഡ്കോയുടെ അധീനതയിലുള്ള സ്ഥലവും ഉൾപ്പെടുന്നു. ഒരു വ്യവസായ പാർക്ക് തുടങ്ങു ന്നതിനായി കുറഞ്ഞത് അഞ്ചേക്കർ ഭൂമി ആവശ്യമുണ്ട്. ഇപ്പോൾ 33 നിയോജ കമണ്ഡലങ്ങളിൽ സ്ഥലനിർണ്ണയം നടത്തിയിട്ടുണ്ട്. അതിൽ 9 മണ്ഡലങ്ങ ളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ഭൂമി സിഡ്കോയ്ക്കു കൈമാറിയി ട്ടുണ്ട്. ഇവയിൽപ്പെട്ട ആദ്യത്തെ വ്യവസായ പാർക്കിന്റെ ഉദ്ഘാടനം ബഹു. വ്യവസായ മന്ത്രി കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ മൺവിളയിൽ 27/5/1999-ന് നടത്തി. അതോടൊപ്പം നാല് വ്യവസായ സംരംഭകർക്ക് ഈ പാർക്കിൽ വ്യവസായത്തിനാവശ്യമായ സ്ഥലവും അനുവദിച്ചു കഴിഞ്ഞു. അവശേഷിക്കുന്ന സ്ഥലങ്ങളിൽ വ്യവസായ പാർക്ക് തുടങ്ങുന്നതിനുള്ള പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു.

പട്ടാമ്പി, തൃശ്ശൂർ, അങ്കമാലി, മാരാരിക്കുളം, അമ്പലപ്പുഴ, കോട്ടയം, തിരുവല്ല, ചാത്തന്നൂർ, കഴക്കൂട്ടം എന്നീ നിയോജകമണ്ഡലങ്ങളിൽ വ്യവ സായ പാർക്കിനാവശ്യമായ ഭൂമി ലഭിച്ചിട്ടുണ്ട്. കൂടാതെ ഉദുമ, തളിപ്പറമ്പ്, കൊയിലാണ്ടി, മഞ്ചേരി, ഒറ്റപ്പാലം, ബാലുശ്ശേരി, നാട്ടിക. അഴീക്കോട്, വടക്കാ ഞ്ചേരി, കുന്ദംകുളം, ചേലക്കര, വടക്കൻ പറവൂർ, ഉടുമ്പൻചോല, ദേവികുളം, ആറൻമുള, കോന്നി, വാമനപുരം, ചടയമംഗലം, കിളിമാനൂർ, വർക്കല, നെടുമ ങ്ങാട്, തിരുവനന്തപുരം (നോർത്ത്), നേമം, കോവളം എന്നീ മണ്ഡലങ്ങളിൽ ആവശ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

(ഡി) പ്രാദേശികമായി വിജയസാദ്ധ്യതയുള്ളതും സംരംഭകർക്ക് താല്പര്യമുള്ളതുമായ വ്യവസായങ്ങളാണ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്.

(ഇ) ഇക്കാര്യം പരിഗണിക്കുന്നതാണ്.

6 (508) വ്യവസായ വികസനം

<u>ശ്രീമതി കെ.ആർ. ഗൗരിയമ്മ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവ സായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ വികസനത്തിനായി ഈ സർക്കാർ എന്തെങ്കിലും പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കേരളത്തിൽ വ്യവസായവികസനത്തിനായി സർക്കാർ ചെയ്തു വരുന്ന സഹായങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എത്ര വൻകിട വ്യവസായങ്ങൾ ആരംഭിക്കുവാൻ സാധിച്ചു; അവ ഏതെല്ലാ മെന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കിൻഫ്ര താഴെപ്പറയുന്ന പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(1) എറണാകുളം ജില്ലയിൽ ഐരാപുരത്ത് 100 ഏക്കർ സ്ഥലത്ത് കിൻഫ്രയും റബ്ബർ ബോർഡും ചേർന്ന് സംയുക്ത മേഖലയിൽ സ്ഥാപിക്കുന്ന റബ്ബർ പാർക്ക്.

(2) ആലപ്പുഴ ജില്ലയിൽ അരൂരിൽ കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ മറൈൻ പ്രോഡക്ട്സ് എക്സ്പോർട്ട് ഡെവലപ്പുമെന്റ് അതോറിറ്റിയുമായി ചേർന്നു നിർമ്മിക്കുന്ന മറൈൻ പ്രോഡകട്സ് ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റി സെന്റർ. ഈ രണ്ടു പദ്ധതികൾക്കുമായി കേന്ദ്ര ഗവൺമെന്റിൽനിന്നും 12.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

(3) എറണാകുളം ജില്ലയിലെ മഴുവന്നൂരിലും മലപ്പുറം ജില്ലയിലെ കാക്കാഞ്ചേരിയിലും കണ്ണൂർ ജില്ലയിലെ തലശ്ശേരിയിലും കാസർഗോഡ് ജില്ലയിലെ സീത ഗോളിയിലും വയനാട് ജില്ലയിലും ആരംഭിക്കാൻ ഉദ്ദേശിക്കുന്ന 5 ഇന്റഗ്രേറ്റഡ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പുമെന്റു സെന്ററുകൾക്കും കിൻഫ്ര കേന്ദ്രഗവൺമെന്റിന് പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. ഈ 5 പദ്ധതികൾക്കുമായി കേന്ദ്രഗവൺമെന്റ് 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ, ക്രിട്ടിക്കൽ ഇൻഫ്രാസ്ട്രക്ചർ ബാലൻസിംഗ് സ്കീമിൽപ്പെടുത്തി ധനസഹായത്തിനായി കേന്ദ്ര വാണിജ്യ മന്ത്രാലയത്തിന്റെ ക്രിട്ടിക്കൽ ഇൻഫ്രാസ്ട്രക്ചർ ബാലൻസിംഗ് സ്കീമിൽ കോഴിക്കോട് യൂണിവേഴ്സിറ്റി കാമ്പസിലുള്ള കിൻഫ്രയുടെ ടെക്നോ ഇൻഡസ്ട്രീയൽ പാർക്കിൽ വ്യവസായ ആവശ്യത്തിനായി വെള്ളം എത്തിക്കാനുള്ള ഒരു പദ്ധതി സഹായത്തിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കോഴിക്കാട് എയർപോർട്ടിൽ എയർ കാർഗോ കോംപ്ലക്സ് പണിയുന്നതിനും തിരുവനന്തപുരം എയർ കാർഗോ ടെർമിനലിൽ എക്സ്പോർട്ട് ബെ നിർമ്മിക്കുന്നതിനും നാല് ഇക്കോ-കയർ വില്ലേജുകളുടെ നിർമ്മാണത്തിനുമുള്ള പ്രോജക്ട് റിപ്പോർട്ടുകളും കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

മറ്റു ചില പദ്ധതികൾ താഴെപ്പറയുന്നവയാണ്.

(1) കരകൗശല തൊഴിലാളികൾക്കും ആർട്ടിസാൻസിനും വേണ്ടി 10,000 പണിപ്പുരകൾക്കായുള്ള 900 ലക്ഷം രൂപയുടെ പദ്ധതി.

കേന്ദ്ര സർക്കാർ ഗ്രാന്റ് - 700 ലക്ഷം രൂപ

(2) തൃശ്ശൂർ ജില്ലയിൽ ഇലക്ട്രോണിക് ടെസ്റ്റിംഗ് സെന്റർ - കേന്ദ്ര സർക്കാർ ഗ്രാന്റ് 20 ലക്ഷം രൂപ.

(3) തിരുവനന്തപുരം ജില്ലയിൽ 10 കോടി രൂപ മുതൽമുടക്കോടെ ഒരു മിനി ടൂർ റൂം സ്ഥാപിക്കുന്നതിനുള്ള പദ്ധതി

(4) 5000 കോടി രൂപ നിക്ഷേപം പ്രതീക്ഷിക്കുന്ന ഗ്രാസ് റൂട്ട്ക്രൂഡ് ഓയിൽ റിഫൈനറി - കാസർഗോഡ്.

എൽ.എൻ.ജി ടെർമിനൽ തുടങ്ങുന്നതിന് നടപടി നീക്കിയിട്ടുണ്ട്. കൊച്ചിൻ റിഫൈനറിയുടെ പവർ പ്രോജക്ട് തുടങ്ങുന്നതിന് വേണ്ടിയുള്ള നിവേദനം നൽകിയിട്ടുണ്ട്. കപ്പൽ നിർമ്മാണകേന്ദ്രത്തിൽ യുദ്ധക്കപ്പൽ നിർമ്മിക്കുന്നതിനും റീപ്പയറിംഗ് വർക്ക് വികസിപ്പിക്കുന്നതിനും ഓരോ നിവേദനവും സമർപ്പിച്ചിട്ടുണ്ട്. കൂടാതെ ടെൽക്കിന്റെ പുനരുദ്ധാരണത്തിന്

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടിയും വ്യവസായ വികസനത്തിന് സ്ഥലം വിട്ടുകിട്ടുന്നതിനു വേണ്ടിയും ടൈറ്റാനിയം കോംപ്ലക്സ് സ്ഥാപിക്കുന്നതിന് വേണ്ടിയും ആവശ്യമായ നിവേദനങ്ങളും നൽകിയിട്ടുണ്ട്.

(ബി) അനുബന്ധം – 1 ആയി നൽകിയിരിക്കുന്നു.†

(സി) കെ.എസ്.ഐ.ഡി.സി. യുടെ സഹായത്തോടെ 26 വൻകിട വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്. അവയുടെ വിശദ വിവരം അനുബന്ധ-2-ൽ നൽകിയിരിക്കുന്നു. ടെക്നോപാർക്കിൽ ഈ കാലയളവിൽ ടോറോയിഡ്, ഇന്റർ നാഷണൽ ബിസിനസ്സ് സർവീസസ് ഗ്രൂപ്പ് ടാറ്റാ കൺസൾട്ടൻസി സർവ്വീസസ് എന്നീ വൻകിട വ്യവസായങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

7 (509) വ്യവസായ സ്ഥാപനങ്ങളുടെ പ്രവർത്തനം

<u>ശ്രീമതി കെ.ആർ. ഗൗരിയമ്മ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ ഏതെല്ലാം പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ലാഭത്തിൽ പ്രവർത്തിച്ചിരുന്നു; ഏതെല്ലാം നഷ്ടത്തിൽ പ്രവർത്തിച്ചിരുന്നു;

(ബി) ഇപ്പോൾ ലാഭത്തിൽ പ്രവർത്തിക്കുന്നതും നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അനുബന്ധം 1-ൽ നൽകിയിട്ടുണ്ട്.†

(ബി) അനുബന്ധം -2-ൽ നൽകിയിട്ടുണ്ട്.†

8 (510) ചെറുകിട വ്യവസായങ്ങൾക്കുള്ള സഹായം

<u>ശ്രീ. ചെർക്കളം അബ്ദുള്ള</u> :

<u>ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി</u> :

<u>ശ്രീ. പി.കെ. അബ്ദുറബ്ബ്</u> :

<u>ശ്രീ. ഇസ്ഹാക് കുരിക്കൾ</u> :

<u>ശ്രീ. സി.ടി. അഹമ്മദ് അലി</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട വ്യവസായികൾക്കും വിവിധ വകുപ്പുകളിൽ നിന്നും കിട്ടുന്ന സഹായങ്ങളെല്ലാം വ്യവസായ വകുപ്പ് ഡയറക്ടർ മുഖേന ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

---

† അനുബന്ധം I

† അനുബന്ധം- II, IIA

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം-I

25-6-99-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6 (508) കാണുക

അനുബന്ധം - 1

സമഗ്രമായ ഒരു വ്യവസായ നയം ഇൻഫർമേഷൻ ടെക്നോളജി നയവും പ്രഖ്യാപിച്ചിട്ടുണ്ട്. അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും കിൻഫ്രാ വ്യവസായ പാർക്കുകളും ഗ്രോത്ത് സെന്ററുകളും ചെറുകിട വ്യവസായ എസ്റ്റേറ്റുകളും സ്ഥാപിച്ചു വരുന്നു. ടെക്നോ പാർക്കിൽ സൗകര്യങ്ങൾ വർദ്ധിപ്പിച്ചു. മാർജിൻമണി ജനറേറ്റർ സബ്സിഡി തുടങ്ങിയ സാമ്പത്തിക ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു. ചെറുകിട വ്യവസായ ഉല്പന്നങ്ങളുടെ മാർക്കറ്റിംഗ് സംവിധാനം സിഡ്കോ വഴി ശക്തിപ്പെടുത്തിവരുന്നു. ജനകീയാസൂത്രണത്തിന്റെ ഭാഗമായി സോഫ്റ്റ് വെയർ ടെക്നോളജി പാർക്കുകളും മറ്റ് വ്യവസായ സമൂഹങ്ങളും സ്ഥാപിക്കാൻ പ്രോത്സാഹനം നൽകുന്നു. വ്യവസായസംരംഭകർക്ക് ആവശ്യമായ മേൽനോട്ടപരവും സാങ്കേതികവുമായ കഴിവുകൾ നേടുന്നതിനുള്ള പരിശീലനം നൽകുന്നു. വ്യവസായ വികസനത്തിനു വേണ്ടി വികസിപ്പിച്ചെടുത്ത സ്ഥലവും കെട്ടിടവും സൗജന്യ നിരക്കിൽ നൽകുന്നു. കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകുന്നു. വിവിധ തരം സബ്സിഡികൾ നൽകുന്നു. പുതിയ വ്യവസായ സ്ഥാപനങ്ങളെ ഉല്പാദനമാരംഭിച്ച തീയതി മുതൽ 7 വർഷത്തിനുള്ളിൽ സ്ഥിരമൂലധനത്തിന് തുല്യമായ തുക വില്പന നികുതിയിനത്തിൽ നിന്നും പൂർണ്ണമായി ഒഴിവാക്കിയിരിക്കുന്നു. അഭ്യസ്തവിദ്യർക്കും വനിതകൾക്കും പലതരം ആനുകൂല്യങ്ങൾ നൽകുന്നു. ചെറുകിട വ്യവസായകർക്കും പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും വിവിധ ആനുകൂല്യങ്ങൾ നൽകുന്നു. വ്യവസായങ്ങൾക്ക് ആവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

KSIDC

List of large Scale projects

Sl. No.	Name of Project	Location/ District	Cost of project (Rs.lakhs)	Employment (Nos.)
A. Projects.Completed				
1	Lotus spices Ltd.	Ernakulam	2020	24
2	Met Rolla Steels Ltd.	Ernakulam	850	250
3	KTC Hotels Ltd.	Kozhikode	1350	130
4	Bahuleyan Charitable Foundation	Kottayam	1000	103
5	Muthoot Apt Ceramics Ltd.	Ernakulam	3700	80
6	Toroid India Pvt. Ltd.	Trivandrum	750	200
7	Southern Ispat Ltd.	Palakkad	820	190
8	Andaman Timbers Ltd.	Kannur	700	132
9	Prima Industries Ltd.	Palakkad	1415	124

LIBRARY ARCHIVES Kerala Legislative Assembly

10	Sri Bhagavathi Textiles Ltd. (Expansion)	Palakkad	998	200
11	Merchem Ltd.	Ernakulam	1010	80
12	Indo German Carbons Ltd.	Ernakulam	1520	75
13	Euro Marine Products Ltd.(Exp.)	Trivandrum	625	69
14	Chaya Industries Ltd.	Palakkad	1350	280
15	Silpi Agrotech pvt. Ltd.	Ernakulam	540	60
16	Ocean Dredging (India)P.Ltd.	Ernakulam	615	54
17	Cochin International Airport	Ernakulam	28860	500
18	Model Power Project	Ernakulam	10000	100
19	Small Power project	Ernakulam	10000	100
20	Small Power project	Ernakulam	10000	100
21	Travancore Cochin Chemicals Ltd. (Exp.)	Ernakulam	8697	132
22	Kerala Chemicals & Proteins Ltd. (Div.)	Ernakulam	7850	150
23	Rado Tyres Ltd. (Exp.)	Ernakulam	765	120
24	BGR Hotels Ltd.	Ernakulam	544	88
25	Coastal Resorts pvt. Ltd.	Ernakulam	700	60
26	Cheraman Resorts	Kozhikode	520	100

അനുബന്ധം-II

25-6-99-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 7 (509) കാണുക

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ (1995-96) ലാഭത്തിൽ പ്രവർത്തിച്ചിരുന്ന വ്യവസായ സ്ഥാപനങ്ങൾ താഴെപറയുന്നവയാണ്.

1. Kerala Minerals & Metals Limited
2. Malabar Cements Limited
3. The Travancore-Cochin Chemicals Ltd.
4. Kerala State Industrial Dev. Corporation Ltd.
5. Transformers & Electricals Kerala Limited
6. Autokast Limited
7. The Travancore Cements Ltd.
8. Foam Mattings (India) Limited.
9. United Electrical Industries Ltd.
10. The Travancore Titanium Products Ltd.
11. Steel & Industrial Forgings Ltd.
12. Keltron Electro Ceramics Ltd.
13. Co-operative Sugar Ltd., Chittur
14. The Metropolitan Engg. Co.Ltd.
15. Kerala State Industrial Enterprises Ltd.
16. Kerala State Industrial Products Trad.Corpn.
17. Keltron Component Complex Ltd.

LIBRARY ARCHIVES Kerala Legislative Assembly